LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾവഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്രസർക്കാർ 12-3-2015-ലെ F.OI-11012/10/2013-EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. തമിഴ്നാട് സർക്കാരിന്റെകീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുകയുണ്ടായി. ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടിപോകുന്ന ഇന്ത്യൻ നേഴ്സുമാർക്ക് കേന്ദ്രസർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പ്രവാസികാര്യമന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ-മൈഗ്രേറ്റ് എന്ന ഒരു ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. നഴ്സിംഗ് റിക്രൂട്ട്മെന്റ് സംബന്ധിച്ച വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാനും പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) നഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യമന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 30-4-2015-ന് മുൻപ് വരെ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല എന്ന വ്യവസ്ഥ 30-5-2015 വരെ ഒരു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 30-5-2015-ന് മുൻപ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും VISA ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരസ്യബോർഡുകൾ

83 (2716) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാതയോരങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പദ്ധതിവഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുകയെത്രയാണെന്നും അതിന്റെ ചുമതല ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അനധികൃതമായി പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കയ്യേറിയും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായരീതിയിൽ കേബിൾ വയറുകളും പരസ്യ ബോർഡുകളും മറ്റും തൂക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യബോർഡുകൾ സ്ഥാപിച്ചും ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപ മാക്കുന്നത് തടയുന്നതിനും ഈയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട ഫീസ് ലഭിക്കാതെ പോകുന്നത് തടയുകയും ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നത് തടയുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) ടി പദ്ധതിമുഖേന സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുക കണക്കാക്കിയിട്ടില്ല.

പൊതുനിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കംചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലൂമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചുവർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർ നടപടികളെടുക്കുവാൻ സ.ഉ. (കൈ) നമ്പർ 194/2014/തസ്വഭവ. തീയതി 6-11-2014 പ്രകാരം ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

നഗരസഭാ ജീവനക്കാരുടെ ശമ്പളം

84 (2717) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നഗരസഭകളുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ഞെരുക്കം പരിഗണിച്ച് നഗരസഭാ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ നൽകുന്നതിന് നടപടിയെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്നു മുതൽ നടപ്പിലാക്കും ?

ഉത്തരം

ഇല്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly